**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 382** **10-06-2024 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് ബസ്സ്റ്റാൻഡ് ടെർമിനലിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിലെ കൂത്തുപറമ്പ് ബസ്സ്റ്റാൻഡ് ടെർമിനൽ നിർമ്മിക്കാൻ നഗരസഭ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചെങ്കിലും ആവശ്യമായ ഫണ്ടില്ലാത്തതിനാൽ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>കഴിഞ്ഞ 2 സംസ്ഥാന ബജറ്റിലും പദ്ധതി ഉൾപ്പെടുത്തിയെങ്കിലും ഫണ്ട് ലഭ്യമല്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | 2024 -25 വർഷത്തേക്കുള്ള സംസ്ഥാന ബഡ്ജറ്റ് അനുബന്ധം-II-ൽ കൂത്തുപറമ്പ് നഗരസഭയിൽ ബസ്സ്റ്റാൻഡ് ടെർമിനൽ നിർമ്മാണത്തിന് 100 രൂപ ടോക്കൺ മാത്രമേ അനുവദിച്ചിട്ടുള്ളൂ ആയത് അടങ്കൽ തുകയുടെ 20 ശതമാനമാക്കി വർദ്ധിപ്പിച്ച് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ, വിശദമാക്കുമോ; | (ബി) | പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | കൂത്തുപറമ്പ് ബസ്സ്റ്റാൻഡ് ടെർമിനൽ യാഥാർത്ഥ്യമാക്കുന്നതിന്എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (സി) | കൂത്തുപറമ്പ് ബസ് സ്റ്റാന്റ് ടെർമിനൽ യാഥാർത്ഥ്യമാക്കുന്നതിന് സ്ഥലമെടുപ്പ് പൂർത്തിയായിട്ടുള്ളതാണ്. പദ്ധതിയുടെ പ്ലാൻ എസ്റ്റിമേറ്റ് വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കുകയും പദ്ധതിയുടെ ആദ്യ ഘട്ടമെന്ന നിലയിൽ ടെർമിനൽ 1 നിർമ്മാണത്തിന് എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ